

## എക്സിക്യൂട്ടീവ് ഡയറക്ടറുടെ സന്ദേശം

എസ്. ഹരികിഷോർ ഐ. എ. എസ്

# അതിജീവനത്തിനായി ഒരൊറ്റ മനസോടെ കുടുംബശ്രീയും

**കേ**രളം ഇന്നേവരെ കണ്ടിട്ടില്ലാത്ത പ്രളയക്കെടുതിയാണ് ഓഗസ്റ്റ് മാസത്തിൽ നമുക്ക് നേരിടേണ്ടി വന്നത്. ഈയൊരു പ്രളയം ഏകദേശം 5.8 ലക്ഷം കുടുംബങ്ങളെയാണ് ദുരിതത്തിലാഴ്ത്തിയത്. പ്രളയത്തിൽ കേരളം വിറങ്ങലിച്ചു നിന്നഅവസരത്തിൽ അതിന്റെ കെടുതികൾ അനുഭവിക്കുന്ന കുടുംബങ്ങൾക്ക് കൈത്താങ്ങാകാനും പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും കുടുംബശ്രീയുടെ കൂട്ടായ്മയ്ക്ക് സാധിച്ചു എന്നതിൽ നമുക്കഭിമാനിക്കാം. ഓരോ കുടുംബശ്രീ അംഗവും തങ്ങളുടെ വ്യക്തിപരമായ ദു:ഖങ്ങളും ബുദ്ധിമുട്ടുകളും മറന്നുകൊണ്ട് പ്രളയത്തിൽ ദുരിതമനുഭവിക്കുന്ന ആളുകൾക്ക് കരുത്തു പകരാനായി മുന്നോട്ടു വന്നു എന്നത് അഭിനന്ദനമർഹിക്കുന്ന കാര്യമാണ്. നിസ്വാർത്ഥമായ ഇത്തരം പ്രവർത്തനങ്ങളിലൂടെ കേരളത്തിനു കരുത്തു പകരാൻ ഈ സ്ത്രീ കൂട്ടായ്മയ്ക്ക് കഴിഞ്ഞു എന്നുള്ളത് കുടുംബശ്രീക്ക് ഒരു പൊൻതൂവൽ തന്നെയാണ്.

**കൈത്താങ്ങായി കുടുംബശ്രീ**

കേരളം നേരിട്ട ഈ പ്രളയത്തിൽ കുടുംബശ്രീയുടെ കുടുംബങ്ങൾക്കും പ്രവർത്തനങ്ങൾക്കും വലിയ തിരിച്ചടിയാണ് ഉണ്ടായിട്ടുള്ളത്. 5.5 ലക്ഷത്തിലധികം കുടുംബങ്ങൾ പ്രളയക്കെടുതി അനുഭവിക്കേണ്ടി വന്നു എന്നുള്ളതാണ് സർക്കാരിന്റെ ഔദ്യോഗിക കണക്ക്. ഇതിൽ അമ്പതു ശതമാനവും കുടുംബശ്രീയിലെ കുടുംബങ്ങളാണ്. തങ്ങളുടെ പരിമിതമായ സാഹചര്യത്തിൽ നിന്നുകൊണ്ട് ജീവിതം കെട്ടിപ്പടുക്കുന്ന അവസരത്തിൽ അപ്രതീക്ഷിതമായെത്തിയ പ്രളയം അവരെ നിശ്ചലരാക്കിയിരിക്കുകയാണ്. അംഗങ്ങൾക്കു വന്ന വ്യക്തിപരമായ ബുദ്ധിമുട്ട് കൂടാതെ വ്യക്തിഗതമായും കൂട്ടായും ഉപജീവന പ്രവർത്തനങ്ങൾ നടത്തുന്ന ധാരാളം കുടുംബശ്രീ സംരംഭക ഗ്രൂപ്പിലെ അംഗങ്ങൾക്കും വലിയ നഷ്ടം ഉണ്ടായിട്ടുണ്ട്. 26,000-ത്തിലധികം സംഘകൃഷി ഗ്രൂപ്പുകളുടെ കൃഷി പൂർണമായും പ്രളയത്തിൽ നശിച്ചു. ഓണം വിപണി ലക്ഷ്യമിട്ട് 29415 ഏക്കറിൽ ചെയ്ത കൃഷി പൂർണമായും പ്രളയത്തിൽ നശിച്ചുപോയിരുന്നു. കുടുംബശ്രീക്ക് കാർഷിക മേഖലയിൽ 200 കോടിയിലധികം രൂപയുടെ നാശനഷ്ടമാണ് ഇതുവരെ കണക്കാക്കിയിട്ടുള്ളത്. മൃഗസംരക്ഷണ മേഖലയിൽ ആട്ഗ്രാമം, ക്ഷീരസാഗരം, മുട്ടക്കോഴി വളർത്തൽ എന്നീ പദ്ധതികൾക്കും വലിയ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഏകദേശം ................ കോടി രൂപയുടെ നഷ്ടം സംഭവിച്ചു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കുടുംബശ്രീയുടെ 1200-ലധികം സൂക്ഷ്മ സംരംഭങ്ങൾക്ക് 12 കോടിയിലധികം രൂപയുടെ നഷ്ടങ്ങളുണ്ടായിട്ടുണ്ട്. പല സൂക്ഷ്മ സംരംഭ യൂണിറ്റുകളുടെയും ഉൽപ്പന്നങ്ങൾ നഷ്ടപ്പെടുകയും ചില യൂണിറ്റുകളുടെ ഉപകരണങ്ങൾ നഷ്ടമാവുകയും ഭൂരിഭാഗം സംരംഭകർക്കും ഓണം വിപണിക്കായി കാത്തുവച്ച ഉൽപന്നങ്ങൾ നഷ്ടമാവുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഒരു കനത്ത നാശനഷ്ടവും തിരിച്ചടിയും കുടുംബശ്രീ സംരംഭങ്ങൾക്കും കുടുംബശ്രീ കൂട്ടായ്മയ്ക്കു നേരിട്ടെങ്കിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഒട്ടും പിന്നിലല്ലാതെ കുടുംബശ്രീ അംഗങ്ങൾ പ്രവർത്തിച്ചു എന്നുള്ളത് വലിയ കാര്യമാണ്.

പ്രളയത്തിൽ അകപ്പെട്ട് വെള്ളം തിരിച്ചിറങ്ങിയപ്പോൾ ചെളി മൂടിയ നിലയിലായിരുന്നു കേരളത്തിലെ മിക്ക വീടുകളും. ഇത്തരം വീടുകൾ ശുചീകരിക്കുക എന്നതായിരുന്നു ആദ്യമായി ചെയ്യേണ്ടിയിരുന്ന കാര്യം. രണ്ട് ലക്ഷത്തോളം വീടുകളാണ് കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ ശുചീകരിച്ചത്.കുടുംബശ്രീ പ്രവർത്തകർ ക്യാമ്പുകളിൽ കഴിയുമ്പോഴും അവിടെ നിന്നും പോയി മറ്റുള്ളവരുടെ വീടുകൾ ശുചീകരിച്ച് വീണ്ടും ക്യാമ്പിലേക്കു തന്നെ മടങ്ങിവന്ന നിരവധി സഹോദരിമാരുടെ നിസ്വാർത്ഥമായ സേവന സന്നദ്ധത കൊണ്ടാണ് ഇത്തരം ഒരു പ്രവർത്തനത്തിലൂടെ കേരളത്തിന് കരുത്തേകാൻ കുടുംബശ്രീക്ക് സാധിച്ചത്. ഇതുകൂടാതെയാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ കേരളത്തിലുള്ള 320-ഓളം വരുന്ന കമ്മ്യൂണിറ്റി കൗൺസിലർമാർ പ്രളയസമയത്ത് നൽകിയ സേവനങ്ങൾ. പ്രളയശേഷം തിരിച്ചു വീട്ടിലെത്തുമ്പോൾ എന്തു ചെയ്യണമെന്നറിയാതെ ദുരിതാശ്വാസ ക്യാമ്പുകളിൽ പകച്ചു നിൽക്കുന്ന ആളുകൾക്ക് കൗൺസിലിംഗ് നൽകിയും ജീവിക്കാനുള്ള കരുത്ത് പകർന്നും തങ്ങളുടെ പുസ്തകങ്ങളും മറ്റും നഷ്ടപ്പെട്ട കുട്ടികൾക്ക് മാനസികമായ പ്രചോദനം നൽകുകയും ചെയ്യുന്ന തരത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. 38,000-ത്തിലധികം ആളുകൾക്കാണ് കമ്മ്യൂണിറ്റി കൗൺസിലർമാർ വഴി സൗജന്യ കൗൺസിലിംഗ് സേവനം നൽകിയത്. ഇതു കൂടാതെ ധാരാളം പൊതു സ്ഥലങ്ങളും കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ ശുചീകരിച്ചിരുന്നു. പ്രളയവും പ്രളയ ദുരിതവും ബാധിക്കുന്ന ജില്ലകളിൽ നിന്നുള്ള കുടുംബശ്രീ പ്രവർത്തകർ പ്രളയം ബാധിച്ച മറ്റ് ജില്ലകളിൽ പോയി സന്നദ്ധ സേവന പ്രവർത്തനങ്ങൾ നടത്തി എന്നത് വലിയ കാര്യമാണ്. പ്രളയദുരിതത്തിൽപ്പെട്ട ആളുകൾക്ക് തങ്ങളുടെ വീടുകളിൽ അഭയമൊരുക്കിയവരിൽ 40,000-ത്തോളം കുടുംബശ്രീ പ്രവർത്തകരും ഉണ്ടെന്നത് ഏറെ സന്തോഷം നൽകുന്ന കാര്യമാണ്. തങ്ങളുടെ പരിമിതമായ സാഹചര്യങ്ങളിൽ നിന്നു കൊണ്ട് പ്രളയ ദുരിതം അനുഭവിച്ച ആളുകൾ വരുമ്പോൾ അവർക്ക് വേണ്ടി തങ്ങളുടെ വീട് തുറന്നു കൊടുക്കുയും കുറച്ചുകാലത്തെ താമസത്തിനു ശേഷം അവരെ തങ്ങളുടെ വീടുകളിലേക്കയയ്ക്കുന്ന മാതൃകാപരമായ പ്രവർത്തനം കുടുംബശ്രീ പ്രവർത്തകർ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് ക്യാമ്പുകൾ സജ്ജീകരിക്കുന്നതിലും ദുരിതാശ്വാസ സാധനങ്ങൾ സമാഹരിക്കുന്നതിലും കമ്മ്യൂണിറ്റി കിച്ചൻ പോലുള്ള കാര്യങ്ങൾ ചെയ്യാനും കുടുംബശ്രീ അംഗങ്ങൾക്കു സാധിച്ചത് വലിയ കാര്യമാണ്. ഇത് വലിയൊരു സേവനമായി കാണാം. ഇതു കൂടാതെ തങ്ങളെ കൊണ്ട് ആവും വിധം സാധനങ്ങൾ ശേഖരിച്ച് റിലീഫ് ക്യാമ്പുകളിലെത്തിച്ചു. മറ്റു ജില്ലകളിലേക്കു പോലും സാധനങ്ങൾ കയറ്റി അയയ്ക്കാനും ഇതുവഴി പത്തു കോടിയിലധികം രൂപയുടെ സാധന സാമഗ്രികൾ ദുരിതമനുഭവിക്കുന്നവരുടെ കൈയ്യിലെത്തിക്കാനും കുടുംബശ്രീയുടെ കൂട്ടായ പരിശ്രമങ്ങൾക്ക് സാധിച്ചു. പ്രളയത്തിന്റെ രൂക്ഷത കുറഞ്ഞതിനു ശേഷം വീടുകളിലേക്ക് തിരിച്ചുപോകുന്ന സമയത്ത് എല്ലാ കുടുംബങ്ങൾക്കും ഒരു ടേക്ക് ഹോം കിറ്റ് കൊടുക്കണമെന്നുള്ള ഗവൺമെന്റിന്റെ തീരുമാനം നടപ്പാക്കിയത് ജില്ലാ കളക്ടർമാരാണ്. ടേക്ക് ഹോം കിറ്റുകൾ പായ്ക്ക് ചെയ്യാൻ വേണ്ടി ഈ കേന്ദ്രങ്ങളിൽ ആയിരക്കണക്കിന് സന്നദ്ധ സേവകരാണ് മുന്നോട്ടുവന്നത്. എറണാകുളം ജില്ലയിൽ ഒരു പായ്ക്കിംഗ് സെന്റർ തന്നെ ഏറ്റെടുത്തു നടത്താനും ഈ കൂട്ടായ്മയ്ക്കു സാധിച്ചു. ഇങ്ങനെ മാനവികതയുടെ വലിയ സന്ദേശങ്ങൾ വിളിച്ചോതുന്ന പ്രവർത്തനങ്ങളിലൂടെ പ്രളയ ദുരന്ത ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാനും ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് തങ്ങളുടെ സഹജീവികളോടുള്ള കരുണയും സ്നേഹവും പ്രകടിപ്പിക്കാനും കുടുംബശ്രീക്ക് ഈയവസരത്തിൽ സാധിച്ചിട്ടുണ്ട്.

## സർക്കാരിനൊപ്പം വിവിധ പ്രവർത്തനങ്ങൾ

ഇങ്ങനെ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിവിധ സന്നദ്ധ സേവനങ്ങൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പാക്കിയതു കൂടാതെ സർക്കാരിന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുമ്പോൾ അതിന് ഒരു കൈത്താങ്ങായി കുടുംബശ്രീ പൂർണ മനസോടെ നിന്നിട്ടുണ്ട്. പ്രളയം ബാധിച്ച കേരളം പുതുക്കി പണിയാൻ, ഒരു നവകേരളം സൃഷ്ടിക്കുന്നതിനായി കൂടുതൽ തുക ആവശ്യമാണെന്നും എല്ലാവരും ഇതിനായി മുന്നിട്ടിറങ്ങണമെന്നും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അഭ്യർത്ഥിച്ചപ്പോൾ തങ്ങളുടെ ഒരാഴ്ചക്കാലത്തെ ലഘുസമ്പാദ്യം നൽകാമോ എന്ന് കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർക്ക് കത്തയച്ചു. ഈ ഒരു സന്ദേശം ഏറ്റെടുത്തുകൊണ്ട് തങ്ങളുടെ ഒരാഴ്ചത്തെ സമ്പാദ്യവും അതിൽ കൂടുതലും കുടുംബശ്രീയിലേക്ക് സംഭാവന നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പത്തുകോടിയിലധികം രൂപയാണ് കേരളത്തിന്റെ ദുരിതാശ്വാസ പ്രവർത്തന


കമ്മ്യൂണിറ്റി കിച്ചൺ

ങ്ങൾക്കായി കുടുംബശ്രീക്ക് ഇതുവരെ സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്. പാവപ്പെട്ടവരുടെ അധ്വാനത്തിന്റെ ഈയൊരു തുക മുഖ്യമന്ത്രിക്ക് കൈമാറുമ്പോൾ തീർച്ചയായും കേരളചരിത്രത്തിൽ പുതിയൊരു അധ്യായം തന്നെ എഴുതുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കൂടുതൽ ധനസമാഹരണം നടത്താൻ വേണ്ടി കേരള ഗവൺമെന്റ് നവകേരളം ലോട്ടറി ആരംഭിച്ചപ്പോൾ കുടുംബശ്രീക്ക് കാഷ്വൽ ഏജൻസി എടുക്കുന്നതിനുള്ള അവസരവും നൽകിയിരുന്നു. ഇതേ തുടർന്ന് എല്ലാ സി.ഡി.എസുകളും കാഷ്വൽ ഏജൻസിയായി രജിസ്റ്റർ ചെയ്യുകയും നവകേരളം ലോട്ടറിയുടെ വിൽപന ഏറ്റെടുക്കുകയും ചെയ്തു. ഈ പ്രവർത്തനം വഴി പത്തുകോടി രൂപയുടെ ലോട്ടറി വിൽക്കാനും അത്രത്തോളം തുക പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സ്വരൂപിക്കാൻ കുടുംബശ്രീക്ക് സാധിച്ചു എന്നതും വലിയ കാര്യമാണ്.

പ്രളയത്തിലകപ്പെട്ട 5.5 ലക്ഷം കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വരെയുള്ള വായ്പ പലിശ ഇളവിൽ നൽകുക എന്ന ലക്ഷ്യത്തോടെ സർക്കാർ റീസർജന്റ് കേരള ലോൺ സ്കീം (ആർ.കെ.എൽ.എസ്) ലോൺ വിഭാവനം ചെയ്തിട്ടുണ്ട്. ഈ സ്കീം പ്രകാരം ഒമ്പത് ശതമാനം വായ്പ സബ്സിഡി ഗവൺമെന്റ് നൽകുകയും ബാങ്കുകൾ ഏകദേശം ഒമ്പത് ശതമാനത്തിന് വായ്പ നൽകുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. ഈ ലോൺ സ്കീം കുടുംബശ്രീ അംഗങ്ങളിലൂടെ നടപ്പാക്കാൻ ഗവൺമെന്റ് തീരുമാനിച്ചപ്പോൾ കൃത്യമായ ആസൂത്രണത്തോടും പ്രവർത്തനത്തോടും കൂടി ലോൺ അപേക്ഷകൾ വാങ്ങാനും ബാങ്കുകളിൽ എത്തിക്കാനും കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. അംഗങ്ങളുടെ നഷ്ടവും അവർക്ക് പുതുതായി വാങ്ങാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ ആവശ്യകത മനസിലാക്കി തിരിച്ചടവിന്റെ കഴിവു കൂടി അളന്നുകൊണ്ട് കൃത്യമായിട്ടുള്ള വായ്പയ്ക്കു വേണ്ടി ശുപാർശ ചെയ്യണമെന്ന് അവർക്ക് ഉപദേശം നൽകുകയും ചെയ്തു. ഇത്തരം വായ്പാ അപേക്ഷകൾ സമയബന്ധിതമായി മേൽ പരിശോധനകൾ നടത്തി സി.ഡി.എസുകൾ മുഖേന ബാങ്കുകളിൽ എത്തിക്കാനും ചുരുങ്ങിയ സമയത്തിനുള്ളിൽ കുടുംബശ്രീക്കു കഴിഞ്ഞു.

അയൽക്കൂട്ടങ്ങളിൽ നിന്നും സെപ്റ്റംബർ പത്തു വരെ 1.50 ലക്ഷം അപേക്ഷകളാണ് ബാങ്കുകളിലെത്തിയിട്ടുള്ളത്. ആയിരം കോടിയിലധികം രൂപയുടെ വായ്പയാണ് ആവശ്യമുള്ളത്. ഇതിനകം നൂറു കോടി രൂപയുടെ വായ്പ പാസാക്കി വിതരണം ചെയ്തു കഴിഞ്ഞു. ഇനി ഇത്തരത്തിൽ വായ്പ ലഭ്യമായവർക്ക് കുറഞ്ഞ ചെലവിൽ ഗൃഹോപകരണങ്ങൾ വാങ്ങാൻ കമ്പനികളുമായി ആലോചന നടത്തി പർച്ചേസ് സ്കീം കൂടി നടപ്പാക്കാൻ കഴിഞ്ഞാൽ കേരള സർക്കാരിനു വേണ്ടി പ്രളയദുരിതങ്ങൾ അനുഭവിക്കേണ്ടി വന്നവരെ സഹായിക്കുന്ന വലിയതോതിലുള്ള പ്രവർത്തനങ്ങൾ നടത്താനും അതിനു ചുമതല വഹിക്കാനും കുടുംബശ്രീക്ക് കഴിയും.

## മറ്റ് പദ്ധതികൾ

ഇതുവരെ പറഞ്ഞ കാര്യങ്ങൾ കൂടാതെ പ്രളയാനന്തര പ്രവർത്തനങ്ങൾക്കും പുതിയ കേരളം സൃഷ്ടിക്കുന്നതിനുമായി പുതിയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് കുടുംബശ്രീ മുന്നോട്ടു വരികയാണ്. ഉപജീവന മാർഗങ്ങൾ നഷ്ടപ്പെട്ടവർക്ക് അതു കണ്ടെത്തി നൽകുക എന്നതാണ് ഈ ഘട്ടത്തിലെ ഏറ്റവും വലിയ ആവശ്യം. ഇതു മനസിലാക്കിക്കൊണ്ട് കുടുംബശ്രീയുടെ ഉപജീവന പദ്ധതികളിൽ മാറ്റം വരുത്തിയും കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് പുതിയൊരു വാർഷിക പദ്ധതി ഇതിനകം തന്നെ ജില്ലകളിലേക്ക് അയച്ചു കഴിഞ്ഞു. ഉപജീവന മാർഗങ്ങൾ കൂടുതലായി കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെയാണ് അടുത്ത വർഷവും കുടുംബശ്രീയുടെ വാർഷിക പദ്ധതി ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ പണിപ്പുരയി



ലാണിപ്പോൾ. ഇതു കൂടാതെ കേരളത്തിനു കൈത്താങ്ങായി വിവിധ ഏജൻസികളും എൻ.ജി.ഓകളും യു.എൻ ഉൾപ്പെടെയുള്ള സംഘടനകളും മുന്നോട്ടു വരുന്നുണ്ട്. ഇത്തരം ഏജൻസികളുടെ പ്രവർത്തനങ്ങൾ നടപ്പാക്കുന്ന ഏജൻസിയായി മാറാൻ കുടുംബശ്രീ ഉദ്ദേശിക്കുന്നു. കേരളത്തിൽ പ്രളയത്തിലകപ്പെട്ടവരെ സഹായിക്കുന്നതിനായി വിവിധ പദ്ധതികളുമായി വരുന്ന യു.എൻ പോലുള്ള ഏജൻസികൾക്ക് ഇത്രയുമധികം സ്ഥലങ്ങളിൽ എത്തിപ്പെടാനുള്ള സംഘടനാ ശേഷിയും ഏറ്റവും താഴെത്തട്ടിലുള്ള പ്രവർത്തനപരിചയവുമുള്ള കുടുംബശ്രീയെ പോലെ മറ്റൊരു ഏജൻസിയെ അവരുടെ പദ്ധതികൾ നടപ്പാക്കാൻ ലഭിക്കുമെന്ന് തോന്നുന്നില്ല. ഈ സാഹചര്യത്തിൽ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേരളത്തെ സമീപിച്ച യു.എൻ.ഡി.പി, യുണിസെഫ് തുടങ്ങിയ യു.എൻ ഏജൻസികളും അതുപോലെ സേവ് ദി ചിൽഡ്രൻ എന്ന അന്താരാഷ്ട്ര എൻ.ജി.ഓയായുമായി ചേർന്ന് പ്രവർത്തിക്കാനുള്ള ഏകദേശ ധാരണയായിട്ടുണ്ട്. ഏറ്റവും അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനും അവർക്കാവശ്യമായ സഹായങ്ങൾ സമയബന്ധിതമായി നൽകാനും അതുറപ്പ് വരുത്താനും വിശ്വാസ്യയോഗ്യതയോടെയുള്ള പ്രവർത്തനങ്ങളാണ് കുടുംബശ്രീയുടെ മുഖമുദ്ര്. ഈ സാഹചര്യത്തിൽ യു.എൻ.ഡി.പി, യുണിസെഫ് എന്നിവയുടെ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളുടെ പ്രോജക്ടുകൾ കുടുംബശ്രീയിലൂടെ നടപ്പാക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. ഇതു കൂടാതെ പ്രളയത്തിൽ പെട്ട കേരളത്തെ പടുത്തുയർത്താൻ വേണ്ടി കുടുംബശ്രീ നിർമാണ യൂണിറ്റുകളെ ഉപയോഗിക്കാനും പ്രളയം മൂലം തകർന്ന വീടുകളും റോഡുകളും പുനർനിർമിക്കുന്നതിനാവശ്യമായ നിർമാണ സാമഗ്രികൾ ഉൽപാദിപ്പിക്കുന്ന ഈ യൂണിറ്റുകളെ തൊഴിലുറപ്പ് പദ്ധതിയുമായി ചേർത്തു സംയോജന പ്രവർത്തനങ്ങൾ ഉറപ്പാക്കാനും ലക്ഷ്യമിടുന്നു. കൂടാതെ കുടുംബശ്രീ കുടുംബങ്ങൾക്ക് ഉപജീവനത്തിനായി കാലാനുസൃതമായ രീതിയിൽ വിവിധ പദ്ധതികളൊരുക്കുന്നതിനും പ്രളയത്തിൽ പെട്ട കേരളത്തിന് ഒരു കൈത്താങ്ങാകുക എന്ന ലക്ഷ്യവും മുൻ നിർത്തി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യാനും നടപ്പാക്കാനും കുടുംബശ്രീക്ക് കഴിയുന്നു എന്നതും ഉറപ്പാക്കും.

ഇങ്ങനെ കേരളം നാളിതു വരെ അനുഭവിച്ചിട്ടില്ലാത്ത ഒരു വലിയ പ്രളയദുരന്തം അഭിമുഖീകരിച്ച അവസരത്തിൽ എല്ലാ അർത്ഥത്തിലും പിന്തുണ നൽകി ഒപ്പം നിൽക്കാൻ കുടുംബശ്രീ കൂട്ടായ്മയ്ക്ക് കഴിഞ്ഞു എന്നത് ഏറെ സന്തോഷകരമാണ്. തങ്ങളുടെ വ്യക്തിപരമായ ബുദ്ധിമുട്ടുകളും വിഷമങ്ങളും മറന്നു കൊണ്ട് കേരളത്തിനു വേണ്ടി ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ മുന്നോട്ടു വന്ന എല്ലാ കുടുംബശ്രീ അംഗങ്ങൾക്കും പ്രവർത്തകർക്കും ആശംസകളും അഭിനന്ദനങ്ങളും നേരുന്നു.